പേജ് 16 വില 7.00

# പ്രതിച്ഛായ

www.pratichaya.com

●വാല്യം 2 ●ലക്കം 46

● എല്ലാ ബുധനാഴ്ചയും പ്രസിദ്ധീകരിക്കുന്നു

● 5 ആഗസ്റ്റ് 2009

## കാരാട്ട് പഠിക്കാത്ത പാഠം

പ്രൊഫ. എം.ആർ. ചന്ദ്രശേഖരൻ




അങ്ങാടിയിൽ തോറ്റാൽ അമ്മയോടെന്നുണ്ട്. സി.പി.എമ്മുകാരുടെ 'പത്രവിരോധ'ത്തിന് അതേ ഒരു ന്യായമുള്ളു. തങ്ങൾക്ക് ഹിതമായ വാർത്തകളേ പത്രങ്ങൾ പ്രസിദ്ധീകരിച്ചു കൂടു എന്നാണ് ഏകാധിപതികളുടെ എക്കാലത്തെയും നിർബന്ധം. അക്ഷരവിരോധമാണ് ഏകാധിപതികളുടെ ഒരു 'ഭ്രാന്ത്'. സാഹിത്യഗ്രന്ഥങ്ങൾ അവർ നിരോധിച്ചു. സാഹിത്യകാരന്മാരെ തുറുങ്കിലടച്ചു.

കാറൽ മാർക്സിന്റെ കയ്യിൽ തോക്കും ബോംബും ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ കരുത്ത് അക്ഷരമായിരുന്നു. അക്ഷരം ആശയത്തെ വഹിക്കുന്നു. പത്രങ്ങളെ വെറുക്കുന്നത് ആശയങ്ങളെ വെറുക്കുന്നതിന്റെ തുടർച്ചയാണ്. ആശയങ്ങളെ ആശയങ്ങളെക്കൊണ്ടുതന്നെയാണ് എതിരിടേണ്ടത്. പത്രക്കെട്ടുകൾ പൊക്കിയെടുത്തുകൊണ്ടുപോയി തീയിടുന്നതുകൊണ്ട് എന്തുണ്ടാവാൻ? അതൊരു നിഷേധകൃത്യമാണ്. ആർക്കും പ്രയോജനമില്ലാത്ത നശീകരണം.

### അക്ഷരവിരോധം

ഈയിടെ അച്യുതാനന്ദനു അനുകൂലമായി പ്രകടനം നടത്തിയവരെ, സിപിഎമ്മുകാരാണത്രെ അടിച്ചു പായിച്ചത്. സംഭവം ക്യാമറയിൽ പകർത്താൻ മുതിർന്ന ടി.വി. പ്രതിനിധിക്കും അടികിട്ടി. പത്രലേഖകന്മാർക്കു അടികിട്ടുന്നത് പുതുമയല്ല. പത്രലേഖകന്മാരെ 'തന്തയില്ലാത്തവർ' എന്നു വിളിച്ചാക്ഷേപിച്ചത് ഒരു 'വിപ്ലവകാരി' യാണ്. എന്തു വിപ്ലവം? അക്ഷരവിരോധം വിപ്ലവത്തിന്റെ മറുപുറം ആണ്. ആശയങ്ങൾ മുഖേനയുള്ള സാമൂഹികസ്ഫോടനമാണ് വിപ്ലവം. ആശയത്തെ ഭയപ്പെടുന്നവർ എന്തു വിപ്ലവമുണ്ടാക്കാൻ?

കമ്യൂണിസ്റ്റുകാർക്കു തോല്‌വി പറ്റിയാൽ ഉടൻ പത്രങ്ങൾക്കെതിരായ കുരിശുയുദ്ധം ആരംഭിക്കും. 2009ലെ പാർലമെണ്ട് തിരഞ്ഞെടുപ്പിൽ ചെങ്കൊടിപക്ഷത്തിന് വൻ തിരിച്ചടി ഏർപ്പെട്ടു. കാരണങ്ങൾ തിരഞ്ഞ് കണ്ടുപിടിച്ചു, സിപിഎമ്മിന്റെ പി.ബി.

അവർ കണ്ടെത്തിയ ഒരു കാരണം, പത്രങ്ങൾ വിമോചനസമരകാലത്തെപ്പോലെ ഊർജിതമായി തങ്ങളെ എതിർത്തു എന്നുള്ളതാണ്. തങ്ങളുടെ പത്രങ്ങൾ എന്തു ചെയ്യുകയായിരുന്നു, തിരഞ്ഞെടുപ്പ് വേളയിൽ? അവ വായമൂടി ഇരിപ്പായിരുന്നോ?

### വൃത്താന്തങ്ങളുടെ വിഭാഗീയ ഛേദം

ദേശാഭിമാനിക്കു നഗരംതോറും എഡിഷനുകൾ ഉണ്ട്. പാർട്ടിക്കാര്യങ്ങളല്ലാതൊന്നും അതിന്റെ കോളങ്ങളിൽ കാണുകയില്ല. മറ്റുപത്രങ്ങൾ വലിയഭാഗം പരസ്യങ്ങൾ നല്കുന്നു. കുറെഭാഗം പൊതുവാർത്തകൾക്കു നീക്കിവയ്ക്കുന്നു. രാഷ്ട്രീയത്തിനു ചെറിയഭാഗമാണ് ഉപയോഗപ്പെടുത്തുന്നത്.

>> 2

## വിമോചനസമരം ജനാധിപത്യവിജയം

ഡോ.കുര്യാസ് കുമ്പളക്കുഴി

**വിമോചന സമരാനുഭവത്തിലൂടെയാണ് ഇന്ത്യൻ കമ്യൂണിസ്റ്റു പാർട്ടി ജനാധിപത്യബോധം ഉൾക്കൊണ്ടത്. അടിസ്ഥാനപരമായി പാർലമെണ്ടറി സംവിധാനത്തിൽ യാതൊരു വിശ്വാസവുമില്ലാത്ത കമ്യൂണിസ്റ്റ് കക്ഷികൾ തെരഞ്ഞെടുപ്പിൽ മത്സരിച്ചത്, അധികാരത്തിലെത്താൻ മറ്റൊരു മാർഗവുമില്ലാതെ വന്നപ്പോൾ സ്വീകരിച്ച അടവുനയം മാത്രമായിരുന്നു.**

കേരളത്തിലെ കമ്യൂണിസ്റ്റു കക്ഷികളെ, പ്രത്യേകിച്ച് സിപിഎമ്മിനെ ഒരു ഭൂതം ബാധിച്ചിരിക്കുകയാണ്. വിമോചനസമരം എന്ന ഭൂതം. പത്രപ്രസ്താവനകൾ, സെമിനാറുകൾ, പുസ്തകരചന തുടങ്ങിയ വിവിധ രൂപങ്ങളിൽ ആ ഭൂതം കേരളത്തിലുടനീളം കറങ്ങി നടക്കുന്നു. എല്ലാറ്റിന്റെയും അടിക്കുറിപ്പൊന്നു മാത്രം– ഇനിയൊരു വിമോചന സമരം നടക്കാൻ പോകുന്നില്ല!

ഒപ്പം, മറ്റൊരു ഭീഷണി കൂടിയുണ്ട്. 1957 അല്ല 2007. 1958 അല്ല 2008. 1959 അല്ല 2009. ഇതൊക്കെ ആർക്കാണറിഞ്ഞുകൂടാത്തത്? ഇതുപറഞ്ഞ് ആരെയാണോ വിരട്ടാൻ ശ്രമിക്കുന്നത്, ആ വിഭാഗങ്ങൾക്കു സിപിഎമ്മിനോടും ഇതുതന്നെ തിരിച്ചുപറയാവുന്നതല്ലേ ഉള്ളൂ?

അമ്പതുവർഷങ്ങളുടെ ആണ്ടുവട്ടം ഉപയോഗിച്ചുള്ള ഈ ഭീഷണി ഒരു ബൂമറാങ്ങ്പോലെ തിരിച്ചുകൊള്ളുന്നില്ലേ എന്നു മാർക്സിസ്റ്റുകാർ ആലോചിക്കുന്നതു നന്നായിരിക്കും. കാരണം കഴിഞ്ഞ അമ്പതുവർഷത്തിനിടയിൽ ഭീമൻ രാഷ്ട്രീയ പതനങ്ങളൊന്നും കേരളത്തിൽ സംഭവിച്ചിട്ടില്ല. പക്ഷേ ആഗോളതലത്തിൽ കഥ അമ്പേ വ്യത്യസ്തമാണ്. എത്രയെത്ര ഭീമൻ പതനങ്ങൾ.

അമ്പതുവർഷം മുമ്പുണ്ടായ സോവ്യറ്റ് യൂണിയൻ ഇന്നെവിടെ? യുഗോസ്ലാവ്യയും ചെക്കോസ്ലോവാക്യയും എവിടെ? ഹംഗറിയുടെയും പോളണ്ടിന്റെയും റുമേനിയയുടെയും പൂർവ ജർമനിയുടെയും സ്ഥിതിയെന്ത്? അവരെ സംബന്ധിച്ചിടത്തോളം 1959 അല്ല 2009!

>> 4

*മുഖപ്രസംഗം*
വണ്ടേ വീണു തുലഞ്ഞീടുന്നു വിളക്കും നീ കെടുത്തുന്നു! 2

*ചെറുകഥ*
ഒരു ബാലന്റെ സമ്മാനം
ഉല്ലല ബാബു 4

*രാഷ്ട്രീയ കേരളം*
നമ്മുടെ സ്കൂളുകൾക്ക് എന്തുപറ്റി ?
സാബു ജോൺ 5

*മനസ്സറിയുക ശരീരവും*
പരാജയകാരണങ്ങളും വിജയത്തിലേക്കുള്ള മാർഗവും
ഡോ.(സി.) ഷാലു കോയിക്കര 6

*ചുവരെഴുത്തുകൾ*
ലജ്ജിക്കാൻ മറന്നവർക്കു നമസ്കരിക്കാനൊരു പാഠം
ശ്വേതകേതു 7

*ഫ്ളാഷ്ബാക്ക്*
കാറ്റകോമ്പുകൾ മരിച്ചവരുടെ ശയ്യാഗാരങ്ങൾ
തേക്കിൻകാട് ജോസഫ് 10

*വിശകലനം*
സിപിഎം പോളിറ്റ് ബ്യൂറോയും അഴുക്കിൽ കൈകുത്തിയ വാനരനും
പി.ടി. ജോസ് 12

പതിമൂന്നാം പേജ്
നാരദൻ
മൊഴിയും മറുമൊഴിയും
ചാണക്യൻ 13

*പുനരാഖ്യാനം*
മഹാഭാരതം
സവ്യസാചി 14

ന്യൂസ് ഡയറി
പി.ആർ. 15

**പംക്തികൾ**
ബാലലോകം 8
അറിയേണ്ടും കാര്യങ്ങൾ
അറിവിന്റെ ലോകം
ഹരിദാസ്

CYAN MAGENTA YELLOW BLACK

പ്രതിച്ഛായ
രാഷ്ട്രീയ സാംസ്കാരിക വാർത്താവാരിക
വാല്യം 2 ലക്കം 46
5 ഓഗസ്റ്റ് 2009
ചീഫ് എഡിറ്റർ: പ്രൊഫ. ഡോ. കുര്യാസ് കുമ്പളക്കുഴി

*പരിഷ്കാരങ്ങൾ വരേണ്ടത് ഉള്ളിൽ നിന്നാണു, വെളിയിൽ നിന്നല്ല.*
*നിയമം നിർമിച്ചതുകൊണ്ടുമാത്രം നീതിയുണ്ടാവില്ല.*

*- കാർഡിനൽ ഗിബ്ബൺസ്*

# വണ്ടേ വീണു തുലഞ്ഞിടുന്നു വിളക്കും നീ കെടുത്തുന്നു!

രാജാവു നഗ്നനാണെന്ന സത്യം വിളിച്ചുപറയാൻ ഒരു നാവും ഇല്ലല്ലൊ എന്ന ധർമസങ്കടത്തിനു പരിഹാരമായി. സിപിഎമ്മിന്റെ ഏകപക്ഷീയ വിദ്യാഭ്യാസ പരിഷ്കാരങ്ങളാണ് ഇടതുപക്ഷത്തിന്റെ പരാജയത്തിനു മുഖ്യകാരണമെന്നു മുന്നണിയിലെ രണ്ടാം കക്ഷിയായ സിപിഐ തന്നെ തുറന്നുപറഞ്ഞിരിക്കുന്നു.

കേരളത്തിലെ വിദ്യാഭ്യാസ മേഖല എക്കാലത്തും ഇന്ത്യയ്ക്കു മുഴുവൻ മാതൃകയായിരുന്നു. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇന്നും ഇവിടെ വിദ്യാഭ്യാസരംഗം താരതമ്യേന പ്രശ്നരഹിതമാണ്. വിദ്യാഭ്യാസകച്ചവടം എന്നു ചില രാഷ്ട്രീയ കക്ഷികൾ മുറവിളികൂട്ടുന്നതിന്റെ പിന്നിൽ മറ്റൊരു കൂട്ടുകച്ചവടത്തിന്റെ ദുർഗന്ധമുണ്ടെന്നു നിഷ്പക്ഷമതികൾ തിരിച്ചറിയുന്നുമുണ്ട്. സ്വാശ്രയമേഖലയിൽ സമീപ സംസ്ഥാനങ്ങൾ മൂപ്പിറക്കു നടത്തിക്കൊണ്ടിരുന്നപ്പോൾ ഇവിടെ ഒരു സ്ഥാപനം പോലും തുടങ്ങാൻ അനുവദിക്കാതെ അവരുടെ ഒടുങ്ങാത്ത ആർത്തിക്കു നമ്മുടെ കുട്ടികളെ ഇരയാക്കുകയായിരുന്നല്ലൊ അവർ. കേരളത്തിന്റെ സമ്പദ്ഘടനയ്ക്കുപോലും ഭീഷണി ഉയർത്തിയ ഈ സാഹചര്യത്തെ മറികടക്കാനാണ് യുഡിഎഫ് ഗവൺമെണ്ട് സ്വാശ്രയമേഖല സജീവമാക്കിയത്.

ഈ മാറ്റത്തിന്റെ ധനാത്മകവശം പൂർണമായി അവഗണിച്ചുകൊണ്ട് മുദ്രാവാക്യം മുഴക്കാനും കല്ലെറിയാനും ഒരു പുതിയ സമരമുഖം തുറന്നുകിട്ടിയതിന്റെ ആഘോഷത്തിലായിരുന്നു ഇടതുപക്ഷകക്ഷികൾ. അതിനെ അതിജീവിച്ചും കർമനിരതമായിരുന്ന സ്ഥാപനങ്ങളെ നിയമകുരുക്കിൽപെടുത്തി തങ്ങളുടെ വരുതിലാക്കാനുമാണ് അധികാരത്തിലെത്തിയ ഉടനെ അവർ കരുക്കൾ നീക്കിയത്.

**വിദ്യ, വിനയം, വിവേകം ഈ മൂന്നു 'വി'കാരങ്ങൾ ഒരുമിച്ചു പോകേണ്ടതാണ്. അവ മൂന്നും മൂന്നു വഴിക്കായാൽ എന്തു സംഭവിക്കാമോ അതാണു വിദ്യാഭ്യാസമന്ത്രിയുടെ കാര്യത്തിലുണ്ടായിരിക്കുന്നത്. ഒടുവിലദ്ദേഹം എടുത്തുപയറ്റിയ കാലഹരണപ്പെട്ട മറ്റൊരു തന്ത്രമാണു വിഘടിച്ചു വിജയിക്കുക എന്നത്.**

സ്വാശ്രയനിയമം, കെ.ഇ.ആർ. പരിഷ്കരണം, തദ്ദേശസ്ഥാപനങ്ങളുടെ നിയന്ത്രണം, പാഠപുസ്തകപരിഷ്കരണം, ഏകജാലകം തുടങ്ങിയവയിലൂടെ എല്ലാവരെയും ശത്രുക്കളാക്കി. തങ്ങളുടെ വിവേകശൂന്യത വിളംബരം ചെയ്യുന്നതിൽ അവർ കാണിച്ച മിടുക്ക് എങ്ങനെ വിനയായി മാറിയെന്ന് സിപിഐയെങ്കിലും ഇപ്പോൾ തിരിച്ചറിഞ്ഞല്ലൊ.

വിദ്യാഭ്യാസരംഗമാണു കേരളത്തിലെ ഏറ്റവും പ്രശ്നസങ്കീർണമായ മേഖല, അതു ശരിയായാൽ എല്ലാം ശരിയായി എന്നായിരുന്നല്ലൊ വിദ്യാഭ്യാസമന്ത്രിയുടെ നിലപാട്. വിദ്യാഭ്യാസവും വിവേകവുമുള്ളവർക്കു പുച്ഛം തോന്നിക്കുന്ന അദ്ദേഹത്തിന്റെ പല ഇടപെടലുകളും ശരിയാണെന്നദ്ദേഹത്തെ തെറ്റിദ്ധരിപ്പിച്ചത് ഇടതുപക്ഷ വിദ്യാഭ്യാസ വിദഗ്ധരുടെ കപടസ്തുതിപ്പുകളായിരുന്നു. എന്നിട്ടോ, അവർ വരുത്തിയ ഓരോ വീഴ്ചയുടെ പേരിലും അദ്ദേഹത്തിനു തുടരെ നാണം കെടേണ്ടി വന്നു.

ഗാന്ധിജിക്കു പകരം തവള, വിമോചനസമരത്തെ മദ്യഷാപ്പുസമരമാക്കി മാറ്റിയത്, മതമില്ലാത്ത ജീവൻ, മുറിവ് സി.ഡി, അബദ്ധങ്ങളുടെ കൂമ്പാരമായ ഇംഗ്ലീഷ് പാഠങ്ങൾ, അശ്ലീല പാഠങ്ങൾ, ദുർവ്യാഖ്യാനങ്ങൾ തുടങ്ങിയവയുടെ പേരിൽ വിദ്യാഭ്യാസ മന്ത്രിക്കു നിയമസഭയിലും പുറത്തുമെല്ലാം നേരിടേണ്ടി വന്ന ആക്രമണങ്ങൾക്കെതിരെ 'ലജ്ജ'യെന്ന രണ്ടക്ഷരത്തിന്റെ കുറവുകൊണ്ടു മാത്രമാണദ്ദേഹത്തിനു പിടിച്ചുനില്ക്കാൻ കഴിഞ്ഞത്. ന്യൂനപക്ഷങ്ങളോടും സ്വകാര്യ മാനേജുമെണ്ടുകളോടുമുള്ള അദ്ദേഹത്തിന്റെ ഒടുങ്ങാത്ത വിരോധമാകട്ടെ തൊടുന്നതെല്ലാം പൊള്ളുന്നതാക്കി മാറ്റാനേ ഇടയാക്കിയുള്ളുതാനും.

വിദ്യ, വിനയം, വിവേകം ഈ മൂന്നു 'വി'കാരങ്ങൾ ഒരുമിച്ചു പോകേണ്ടതാണ്. അവ മൂന്നും മൂന്നു വഴിക്കായാൽ എന്തു സംഭവിക്കാമോ അതാണു വിദ്യാഭ്യാസമന്ത്രിയുടെ കാര്യത്തിലുണ്ടായിരിക്കുന്നത്. ഒടുവിലദ്ദേഹം എടുത്തുപയറ്റിയ കാലഹരണപ്പെട്ട മറ്റൊരു തന്ത്രമാണു വിഘടിപ്പിച്ചു വിജയിക്കുക എന്നത്. സ്വാശ്രയമേഖലയിലെ സ്ഥാപനങ്ങളെ പല തട്ടുകളിലാക്കി വിചിത്രങ്ങളായ കരാറുകളിൽ മാറി മാറി ഒപ്പിടുവിച്ച് നൂറുക്കു നൂറ് എന്ന സൂത്രവാക്യം 50:50 എന്ന പരിധി തകർത്ത് ഇപ്പോൾ 75:25 ൽ എത്തിനില്ക്കുകയാണ്. അതോടെ ഒപ്പിട്ട സ്വാശ്രയക്കാർക്കു കുശാലാവുകയും ചെയ്തു. ഇഷ്ടംപോലെ അഡ്മിഷനാകാം ഇഷ്ടംപോലെ ഫീസുമാകാം. നാലും അഞ്ചും ഇരട്ടിയായി അവർക്കു മാത്രമല്ല ഫീസു വർധിപ്പിച്ചുകൊടുത്തത്. സർക്കാർവക സ്വാശ്രയത്തിലും അതേ ഫീസുവർധനവു തന്നെ നടപ്പിലാക്കി, സാമൂഹ്യനീതി വളരെ എളുപ്പത്തിൽ ഉറപ്പാക്കി!

ഇതോടെ ഒഴുകിപ്പോയതു മന്ത്രിയുടെ കാല്ക്കീഴിലെ മണ്ണാണ്. എസ്.എഫ്.ഐയും ഡി.വൈ.എഫ്.ഐയും കെ.എസ്.ടി.എയും ഇപ്പോൾ മന്ത്രിക്കെതിരായി. നാളെ സ്വന്തം പാർട്ടിക്കാർ മുദ്രാവാക്യം മുഴക്കി വിദ്യാഭ്യാസമന്ത്രിക്കെതിരെ തെരുവിൽ കലാപമുണ്ടാക്കാനാണു സാധ്യത. അപ്പോഴും അവർക്കു കല്ലെറിയാനും കത്തിക്കാനും സ്വാശ്രയസ്ഥാപനങ്ങളും അവയുടെ വാഹനങ്ങളും ഉണ്ടാകുമല്ലൊ!

കുളിപ്പിച്ചു കുളിപ്പിച്ചു കുഞ്ഞില്ലാതായെന്നും വെളുക്കാൻ തേച്ചതു പാണ്ടായെന്നും ചക്കിനു വച്ചതു കൊക്കിനു കൊണ്ടെന്നും പൊറുക്കാൻ വച്ചതു മരിക്കാനായെന്നുമൊക്കെ ചില പഴമൊഴികളുണ്ടല്ലൊ, മലയാളത്തിൽ. അതിന്റെ പതിരില്ലാത്ത പാഠങ്ങൾ അറിയണമെങ്കിൽ 'രണ്ടാം മുണ്ടശ്ശേരി'യെന്ന ബഹുമതി സ്വയം ചാർത്തിയ നമ്മുടെ വിദ്യാഭ്യാസമന്ത്രിയുടെ തുഗ്ലക്ക് പരിഷ്കാരങ്ങൾ നോക്കിയാൽ മതി.

മഹാകവി കുമാരനാശാൻ നെടുവീർപ്പിടുന്നു: 'വണ്ടേ വീണുതുലഞ്ഞീടുന്നു ഹ, വിളക്കും നീ കെടുത്തുന്നിതേ!'

# കാരാട്ട് പഠിക്കാത്ത പാഠം

1 >>

അതിൽ പാർട്ടിക്കാര്യങ്ങളും കൊടുക്കാറുണ്ട്. പാർട്ടിക്കാര്യങ്ങളും പാർട്ടിനേതാക്കന്മാരുടെ അപദാനങ്ങളും പാർട്ടിപത്രങ്ങളെക്കാൾ മെച്ചമായി പ്രസിദ്ധീകരിക്കുന്നത് പാർട്ടിയിതരപത്രങ്ങളാണ്.

പാർട്ടിക്കാർ തന്നെ വായിക്കുന്നത്, ഒന്നാമത്, പാർട്ടി പത്രമല്ല; പാർട്ടി പത്രത്തിൽ അവർക്ക് അത്ര വിശ്വാസമില്ലാത്തതുമാത്രമല്ല കാരണം; പാർട്ടി പത്രത്തിൽ വൃത്താന്തങ്ങളുടെ ഒരു വിഭാഗീയച്ഛേദം മാത്രമേ ഉണ്ടാവുകയുള്ളു. വിശാലമായ ലോകത്തെപ്പറ്റി അറിയാൻ, പാർട്ടിയിതര പത്രങ്ങളെയാണ് പാർട്ടി അംഗങ്ങൾ ഉൾപ്പെടെയുള്ളവർ ആശ്രയിക്കുന്നത്.

## മൂന്നാമത്, ദേശാഭിമാനി

ദേശാഭിമാനി പ്രചാരണാർത്ഥം നാടുനീളെ ബോർഡുവയ്ക്കാൻ തുടങ്ങിയത് 1980കളുടെ ഒടുവിൽ ആണെന്നോർക്കുന്നു. ഞാനും ദേശാഭിമാനിയുടെ ഇപ്പോഴത്തെ എഡിറ്ററായ ദക്ഷിണാമൂർത്തിയും കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ സിൻഡിക്കേറ്റ് മെമ്പർമാരായിരുന്നു. സൗഹൃദഭാഷണത്തിനിടയ്ക്ക്, പാർട്ടിക്കാരനായ ദക്ഷിണാമൂർത്തിയോട് ഞാൻ പറഞ്ഞു: "ബോർഡ് വച്ചതുകൊണ്ടും സ്കാഡ് പ്രവർത്തനം നടത്തിയതുകൊണ്ടും പത്രത്തിനു പ്രചാരം കൂടില്ല. പ്രചാരവേല വർധിപ്പിക്കാനുള്ള ശ്രമം തുടങ്ങേണ്ടത് എഡിറ്റോറിയൽ ഡെസ്ക്കിലാണ്. വാർത്തകൾ വക്രീകരണമില്ലാതെ കൊടുക്കുക, എല്ലാത്തരം വാർത്തകളും കൊടുക്കുക. അങ്ങനെയാണെങ്കിൽ, ഒരു പത്രം മാത്രം വാങ്ങാൻ കഴിവുള്ള ജനങ്ങൾ, ദേശാഭിമാനി വാങ്ങും. ഇപ്പോഴത്തെ നിലയിൽ, പാർട്ടിക്കെട്ടില്ലാത്ത ഭാഷാപത്രമാണ് സാധാരണ ആരും വാങ്ങുക. ഇത്തിരി ധനശേഷി ഉള്ള ആളാണെങ്കിൽ ഒരു ഇംഗ്ലീഷ് പത്രം കൂടി വാങ്ങും. ഈ ആൾ പാർട്ടിയിൽ താത്പര്യമുള്ള ആളാണെങ്കിൽ, മൂന്നാമതായി ദേശാഭിമാനിയും വാങ്ങും."

ഞാൻ ഇതു പറഞ്ഞതിനുശേഷം, എന്റെ വാക്കുകളുടെ പ്രേരണകൊണ്ടായിക്കൊള്ളണമെന്നില്ല, കോഴിക്കോട്ട് പാർട്ടിപത്രപ്രചാരണത്തിൽ, നിങ്ങൾ ഒരു പത്രം വാങ്ങുന്നെങ്കിൽ അതു ദേശാഭിമാനി തന്നെയാകണം എന്ന് എടുത്തുപറയാൻ തുടങ്ങി. ഒന്നാമത് ദേശാഭിമാനി, അതിൽപരം മാത്രമേ മറ്റു പത്രങ്ങളെപ്പറ്റി ചിന്തിക്കാവൂ. കമ്യൂണിസ്റ്റ് പാർട്ടിക്ക്, പാർട്ടികൾക്ക്, പത്രങ്ങളില്ലാതെയുണ്ടോ? എഡിഷനുകൾ വളരെ ഉണ്ടെങ്കിലും, പത്രം നിലനില്ക്കുന്നത് ഞെങ്ങിഞെരുങ്ങിയാണ്. 'ലിസി'നും സാന്തിയാഗോ മാർട്ടിനും പാർട്ടിയെ താങ്ങേണ്ടി വരുന്നത്, പത്രം വിറ്റുണ്ടാക്കുന്ന 'റവന്യൂ' മോശമായതുകൊണ്ടാണ്.

പത്രങ്ങളായ പത്രങ്ങളൊക്കെ കമ്യൂണിസ്റ്റു പാർട്ടികളെ വാഴ്ത്തണമെന്നില്ല. വാഴ്ത്തപ്പെടാൻ വേറെയും പലതുണ്ടല്ലോ, ഇവിടെ.

## പാർട്ടിജിഹ്വകൾ

'പൊതുജനജിഹ്വകൾ' എന്നാണ് പത്രങ്ങളെപ്പറ്റി പറയുക. 'പാർട്ടിജിഹ്വ' എന്നു പറയപ്പെട്ടിട്ടില്ല. സോവ്യറ്റ് യൂണിയൻ നിലനിന്നിരുന്ന കാലത്തെ പത്രങ്ങളൊക്കെ 'പാർട്ടിജിഹ്വകൾ' ആയിരുന്നു. ടി.വിയും റേഡിയോയും പാർട്ടിജിഹ്വകളായിരുന്നു. അച്ചുകൂടങ്ങളൊക്കെ പാർട്ടി സാഹിത്യം അച്ചടിക്കുകയായിരുന്നു. റഷ്യയിൽ നിന്നു പ്രസിദ്ധീകരിച്ചിരുന്ന 'ന്യൂടൈംസ്' രാഷ്ട്രീയവിഷയങ്ങളിൽ കമ്യൂണിസ്റ്റുകാരുടെ പാഠപുസ്തകമായിരുന്നു. ഞാൻ ആ വാരിക വളരെനാൾ സ്ഥിരമായി വായിച്ചിട്ടുണ്ട്. ലോകരാഷ്ട്രീയവിജ്ഞാനം ഞാൻ ആർജിച്ചത് അതിൽ നിന്നാണ്.

ന്യൂടൈംസിൽ പ്രസിദ്ധീകരിച്ചിരുന്നത്, കമ്യൂണിസത്തിന്റെ വിജയത്തിൽ നിന്നു വിജയത്തിലേക്കുള്ള മുന്നേറ്റത്തിന്റെ കഥകൾ ആയിരുന്നു. എന്നിട്ട്, ഒടുവിൽ എന്താണുണ്ടായത്? ജയത്തിനുമേൽ ജയം നേടിയ പ്രസ്ഥാനം ഒന്നോടെ പൊട്ടിത്തകർന്നു വീണു. ഒറ്റയടിക്ക് റഷ്യ പോയി; യൂറോപ്പിലെ മറ്റു കമ്യൂണിസ്റ്റ് ഭരണകൂടങ്ങളും. കമ്യൂണിസമുണ്ടായിരുന്ന അനേകമനേകം രാജ്യങ്ങളിൽ ഇപ്പോഴുള്ളത് ബൂർഷ്വാജനാധിപത്യമാണ്.

## വായനയിലെ വർഗസമരം

റഷ്യയുടെ തകർച്ചയ്ക്കു പുറകെ, കേരളത്തിൽ സിപിഎം പത്രവായനയിലെ വർഗസമര'ത്തെപ്പറ്റി സെമിനാറുകൾ വിളിച്ചുകൂട്ടുകയാണ്. 'വായനയിലെ വർഗസമരം' എന്നാണ് ഒരു പാർട്ടിബന്ധു എഴുതി അച്ചടിച്ചു പ്രസിദ്ധീകരിച്ച പുസ്തകത്തിന്റെ തലക്കുറി- കേരളത്തിൽ നീളെ മാധ്യമകാര്യങ്ങൾ പാർട്ടിയുടെ ആഭിമുഖ്യത്തിൽ ചർച്ച ചെയ്യപ്പെടുകയുണ്ടായി. പത്രങ്ങളൊക്കെ പിന്തിരിപ്പൻ രാഷ്ട്രീയത്തിനു അനുകൂലമാണ്. ന്യൂസ് ഏജൻസികളൊക്കെ പിന്തിരിപ്പൻ വക്രീകരണത്തോടെ വാർത്തകൾ നല്കുന്നു. 1990കളുടെ ആദ്യത്തിലാണത്. ടി.വി. അന്നിവിടെ പേമാരിയായിക്കഴിഞ്ഞിരുന്നില്ല. പാർട്ടിചാനൽ വന്നത് പിന്നീടാണ്.

**റഷ്യയിൽ നിന്നു പ്രസിദ്ധീകരിച്ചിരുന്ന 'ന്യൂടൈംസ്' രാഷ്ട്രീയവിഷയങ്ങളിൽ കമ്യൂണിസ്റ്റുകാരുടെ പാഠപുസ്തകമായിരുന്നു. ന്യൂടൈംസിൽ പ്രസിദ്ധീകരിച്ചിരുന്നത്, കമ്യൂണിസത്തിന്റെ വിജയത്തിൽ നിന്നു വിജയത്തിലേക്കുള്ള മുന്നേറ്റത്തിന്റെ കഥകൾ ആയിരുന്നു. എന്നിട്ട്, ഒടുവിൽ എന്താണുണ്ടായത്? ജയത്തിനുമേൽ ജയം നേടിയ പ്രസ്ഥാനം ഒന്നോടെ പൊട്ടിത്തകർന്നു വീണു. കമ്യൂണിസമുണ്ടായിരുന്ന അനേകമനേകം രാജ്യങ്ങളിൽ ഇപ്പോഴുള്ളത് ബൂർഷ്വാജനാധിപത്യമാണ്.**

പാർട്ടി ആഭിമുഖ്യത്തിൽ ഇപ്പോൾ ചർച്ച ചെയ്യുന്നത്, "കാലിക മാധ്യമരാഷ്ട്രീയം" ആണ്. ചർച്ച പലേടത്തു നടക്കുന്നു. "പുരോഗമന കലാസാഹിത്യസംഘ"ത്തിന്റെ വേദികളിലാണ് ചർച്ച. 'പു.ക.സ' എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന സംഘടന ഉണ്ടാക്കി നിലനിർത്തിയത് വെറുതെയായില്ല. പാർട്ടി അന്യവേദിയാണല്ലോ പു.ക.സയുടേത്. ആ വേദിയിലാണ് 2009ലെ തിരഞ്ഞെടുപ്പ് പരാജയം, മാധ്യമങ്ങൾ ദണ്ഡിച്ചിട്ടാണെന്നു പറയുന്നത്. പാർട്ടിക്കിപ്പോൾ വിശ്വാസ്യതയില്ല. പു.ക.സ ആ വിധത്തിൽ പാപ്പരായിട്ടില്ല!

## വെട്ടിപ്പിടുത്തക്കാർ

തോല്വിയുടെ കാരണം മാധ്യമങ്ങളല്ല, അമേരിക്കയല്ല, ക്രിസ്തീയ മതനേതാക്കന്മാരല്ല, തങ്ങൾ തന്നെയാണ് അതിന്റെ കാരണക്കാർ. കാരാട്ടിന് ഒടുവിൽ അതു മനസ്സിലായിരിക്കുന്നു. ജനത്തെ 'ലാവ്ലിൻ' സ്വാധീനിച്ചു! അതു പറഞ്ഞപ്പോൾ, തോല്വിയുടെ ഘടകങ്ങളിൽ ഒന്നു മാത്രമേ സ്പർശിക്കപ്പെട്ടിട്ടുള്ളു. തോല്വിയുടെ ഘടകങ്ങൾ വേറെയുമുണ്ട്.

വിപ്ലവം വെട്ടിപ്പിടുത്തങ്ങളുടെ വകഭേദമാണ്. റഷ്യയിൽ വിപ്ലവാനന്തരം ഭരണം നടത്തിയവർ പെരുമാറിയത് വെട്ടിപ്പിടുത്തക്കാർ പരാജിത ജനസമുദായത്തോട് പെരുമാറുന്ന രീതിയിലാണ്. 1957ൽ കേരളത്തിൽ, കമ്യൂണിസ്റ്റ് പാർട്ടിക്കു ഭരണം കിട്ടിയപ്പോളും റഷ്യൻ മാതൃകയിലാണ് ഭരണം നടത്തിയത്.

വിമോചനസമരം അമേരിക്ക പണം കൊടുത്തുണ്ടാക്കിയതല്ല. അത് ജനകീയ മുന്നേറ്റമായിരുന്നു. ആർഭാടങ്ങളില്ലാത്ത ജനകീയ മുന്നേറ്റമാണ്, 2009ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ ഉണ്ടായത്. മൂന്നുകൊല്ലത്തെ ഭരണത്തിനിടയ്ക്ക് ജനങ്ങൾ പാടേ വെറുത്തു, ഇടതുമുന്നണി ഗവൺമെണ്ടിനെ. ചില പാർട്ടിക്കാർ മാത്രമല്ല ജനസമുദായം - ഭരണത്തിൽ, കമ്യൂണിസ്റ്റുകാർക്ക് ആ വിചാരം ഉണ്ടാവാറില്ല - ഏകാധിപത്യറഷ്യയിൽ പോലും അതു നടപ്പില്ലെന്നു തെളിഞ്ഞു. ജനാധിപത്യ ഇന്ത്യയിൽ അത് നടക്കാനോ? ഈ പാഠം കാരാട്ട് എന്നാണു പഠിക്കുക!

CYAN MAGENTA YELLOW BLACK

# പ്രതിച്ഛായ




**പ്രതിച്ഛായ വായനക്കാർക്ക് 2009ലെ തിരുവോണസമ്മാനം.**
**വായന ഗൗരവമായെടുക്കുന്ന സഹൃദയർക്ക്**
**വിലപ്പെട്ട സാംസ്കാരികോപഹാരം;**
**ഒപ്പം ഒരു റഫറൻസ് ഗ്രന്ഥവും**

✦ സി.എൽ. ജോസിന്റെ സമ്പൂർണ നാടകം
 – ***ചിറകുള്ള നക്ഷത്രം.***

✦ കെ. സുധാകരന്റെ പൂർണനോവൽ
 – ***ആദ്യരാത്രിക്ക് ആശംസകൾ***

✦ കുര്യാസിന്റെ കാവ്യനാടകം
 – ***ദഹനബലി***

✦ ***പല സാംസ്കാരിക നായകരും അവസരവാദികളാണ്***



*– പ്രശസ്ത സാഹിത്യ സാംസ്കാരിക വിമർശകൻ ഡോ.വി. രാജകൃഷ്ണൻ തുറന്നടിക്കുന്നു*

ഡോ. ജോഷി വർഗീസും, ഡോ. ജോജി മാടപ്പാട്ടും രാജകൃഷ്ണനുമായി നടത്തുന്ന അഭിമുഖം

✦ സി. രാധാകൃഷ്ണൻ, കെ.എൽ. മോഹനവർമ, ബി.ഹരികുമാർ, സെബാസ്റ്റ്യൻ പള്ളിത്തോട്, കിളിരൂർ രാധാകൃഷ്ണൻ, തേക്കിൻകാട് ജോസഫ് തുടങ്ങിയവരുടെ കഥകൾ.

✦ പ്രൊഫ. എം.ജി.എസ്. നാരായണൻ, പ്രൊഫ.എം.ആർ. ചന്ദ്രശേഖരൻ, വേലായുധൻ പണിക്കശ്ശേരി, ഡോ. കെ. ബാബു ജോസഫ്, പി.സി. സിറിയക്, ഡോ. ഡി. ബഞ്ചമിൻ, സിപ്പി പള്ളിപ്പുറം തുടങ്ങിയവരുടെ ലേഖനങ്ങൾ.

✦ അക്കിത്തം, സുഗതകുമാരി, ഏഴാച്ചേരി രാമചന്ദ്രൻ, ജോർജ് തോമസ്, ചേരാവള്ളി ശശി, കെ.എസ്. റെക്സ് തുടങ്ങിയവരുടെ കവിതകൾ.

## പ്രമുഖ രാഷ്ട്രീയ ചലച്ചിത്ര സാംസ്കാരികനായകരുടെ മറക്കാനാവാത്ത അനുഭവങ്ങൾ



**നന്മ പ്രകാശിക്കുന്ന വിളക്കായി കല്യാണി**
*കെ. കരുണാകരൻ*



**കലാലയവർണങ്ങൾ**
*മമ്മൂട്ടി*



**മറക്കാനാവാത്ത അനുഭവം**
*കെ. എം. മാണി*



**എന്റെ കലാലയം സുവർണകാലം**
*ഉമ്മൻ ചാണ്ടി*



**എന്റെ ക്യൂൻമേരി യാത്ര**
*ലാലു അലക്സ്*



**സർ സിപിയും ഞാനും പിന്നെ മണിസാമിയും**
*ജസ്റ്റിസ് കെ.ടി. തോമസ്*



**കോർട്ട് ഹാളിൽ മുനിസിഫിനെ ചിരിപ്പിച്ച ജൂനിയർ അഭിഭാഷകൻ**
*പി.കെ. നാരായണപണിക്കർ*



**സുന്ദരിയായ മാർഗരറ്റ് താച്ചർ**
*കെ.എം. മാത്യു*



**കേരളാ കോൺഗ്രസ് രൂപീകരണം ഒരോർമ**
*ആർ. ബാലകൃഷ്ണപിള്ള*



**തന്നെ ചമ്മിച്ച എ.കെ**
*കെ.വി. തോമസ്*



**എ.ജി. ആറും ഞാനും**
*അൽഫോൻസ് കണ്ണന്താനം*

*ഓർഗനൈസർമാർ വഴിയും നേരിട്ടും കോപ്പി മുൻകൂർ ബുക്കു ചെയ്യാവുന്നതാണ്. തപാലിൽ വേണ്ടവർ 60 രൂപ അയയ്ക്കുക.*

*ഫിനാൻസ് മാനേജർ*
*പ്രതിച്ഛായ, പാലസ് റോഡ്*
*കോട്ടയം – 1*

✦ **ന്യൂസ് ഡയറി**
2008 ജൂലൈ ഒന്നു മുതൽ 2009 ജൂൺ മുപ്പതുവരെയുള്ള പ്രധാനസംഭവങ്ങൾ.
കേരളം, ദേശീയം, വിദേശം എന്നി മൂന്നു വിഭാഗങ്ങളിൽ

✦ പതിനഞ്ചാം ലോകസഭാതെരഞ്ഞെടുപ്പിന്റെ വിശദാംശങ്ങൾ

✦ ഡിമൈ 1/4 വലുപ്പം. മുന്നൂറോളം പേജ്.

✦ വില 50 രൂപ മാത്രം.

✦ 2009 ആഗസ്റ്റ് 15നു പ്രസിദ്ധീകരിക്കുന്നു.

## പാലാ വികസനം

# 40 കോടിയുടെ പദ്ധതികൾക്ക് ഭരണാനുമതി

യു.ഡി.എഫ് ഭരണകാലത്ത് പാലായുടെ സമഗ്രവികസനം ലക്ഷ്യമാക്കി കെ. എം. മാണി എം.എൽ.എ. മുൻകൈയെടുത്ത് ബജറ്റിൽ പ്രഖ്യാപിക്കുകയും ഭരണപരമായ എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കുകയും ചെയ്ത നാല്പതുകോടിയോളം രൂപയുടെ വിവിധ വികസനപദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചു.

പാലായിലെ ഗതാഗതതടസ്സം പരിഹരിക്കുന്നതിനാണ് ഇതിൽ പ്രാമുഖ്യം നല്കിയിരിക്കുന്നത്. മുത്തോലി-കടപ്പാട്ടൂർ-പാലാ-പാറപ്പള്ളി-വിലങ്ങുപാറ-ഭരണങ്ങാനം റോഡ് പൂർത്തിയാകുന്നതോടെ പാലായുടെ മുഖച്ഛായ തന്നെ മാറും. യുഡിഎഫ് ഭരണകാലത്ത് മൂന്നുകോടി രൂപയുടെ ഭരണാനുമതി ഇതിനു നല്കിയിരുന്നു. പാലാ കുരിശുപള്ളി ജംഗ്ഷൻ വിപുലീകരണം, ടൗണിലെ റോഡ് വികസനം എന്നിവയ്ക്കായി ഒരുകോടി രൂപ ചെലവഴിക്കും.

പാലാ-ഉഴവൂർ റോഡിലേക്കുള്ള ബൈപാസായ നെല്ലിയാനി-പേണ്ടാനംവയൽ റോഡിന്റെ പൂർത്തീകരണവും ഇതിൽ ഉൾപ്പെടുന്നു. ചേർപ്പുങ്കൽ-പാളയം-ആണ്ടൂർ റോഡ്, കുറവിലങ്ങാട്-വലിയമരുത്-ഇലയ്ക്കാട് റോഡ്, കടപ്പാമറ്റം-വെമ്പള്ളി റോഡ്, വയലാ-കൂടല്ലൂർ റോഡ്, പെരുവ-മോനിപ്പള്ളി റോഡ് എന്നിവയുടെയും പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതിയായി.

പാലാ റിവർവ്യൂ റോഡിന് എം.എൽ.എ. ഫണ്ടിൽ നിന്നും അനുവദിച്ച ഒരുകോടി രൂപയ്ക്കു പുറമേ വീതികൂട്ടുന്നതിനായി 85 ലക്ഷം രൂപ അനുവദിച്ചു. കടപ്പാട്ടൂർ പാലം റോഡിന്റെ നിർമാണം പൂർത്തിയാകുന്നതോടെ പാലാ വൻ വികസനമുന്നേറ്റത്തിലേക്ക് കുതിക്കും.

പാലാ-കോഴാ റോഡ് നവീകരണം കെ.എസ്.ടി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി 14 കോടിയുടെ അനുമതി മുമ്പുതന്നെ നല്കിയിരുന്നു.

## ഭരണാനുമതി ലഭിച്ച മറ്റു പദ്ധതികളും തുകയും

- ചേർപ്പുങ്കൽ പാലം – **8.20 കോടി**
- തിരുവല്ല-നെടുമ്പാശ്ശേരി കെ.ആർ. നാരായണൻ ബൈപാസ് റോഡ് – **25 കോടി**
- കോട്ടവഴിയിലൂടെയുള്ള പാലാ പാരലൽ റോഡ് – **1 കോടി**
- വിളക്കുമാടം-പൂവത്തോട്-കാഞ്ഞിരത്താനം-ചാത്തൻകുളം റോഡ് – **27 ലക്ഷം**
- പാലാ ആശുപത്രി ജംഗ്ഷൻ നവീകരണം – **28 ലക്ഷം**

## പദ്ധതികൾ ത്വരിതഗതിയിൽ നടപ്പിലാക്കണം

**ബേബി ഉഴുത്തുവാൽ**

യു.ഡി.എഫ് ഭരണകാലത്ത് പാലായുടെ വികസനം ലക്ഷ്യമാക്കി വിഭാവനം ചെയ്യുകയും മൂന്നുവർഷങ്ങൾക്കുശേഷം ഭരണാനുമതി ലഭിക്കുകയും ചെയ്ത 40 കോടി രൂപയുടെ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ ഇടതുസർക്കാർ തയ്യാറാവണമെന്ന് കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി ബേബി ഉഴുത്തുവാൽ ആവശ്യപ്പെട്ടു.

വികസനകാര്യങ്ങളിൽ ഇടതുസർക്കാർ പിന്തുടരുന്ന സങ്കുചിത രാഷ്ട്രീയ നയംമൂലം ഈ പദ്ധതികളുടെ നടത്തിപ്പ് മൂന്നുവർഷം മുടങ്ങിക്കിടന്നു. ഭരണപരമായ എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കിയിട്ടും അവ നടപ്പിലാക്കുന്നതിന് വിഘാതം സൃഷ്ടിച്ച ഇടതുരാഷ്ട്രീയ കുതന്ത്രം ജനങ്ങൾ തിരിച്ചറിഞ്ഞിരിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

കെ.ടി.യു.സി (എം) നേതൃയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജോസുകുട്ടി പൂവേലിൽ അധ്യക്ഷത വഹിച്ചു. സക്കറിയാസ് വലവൂർ, ടോമി മൂലയിൽ, തോമസ് കവിയിൽ എന്നിവർ പ്രസംഗിച്ചു.

ചെറുകഥ

ഉല്ലല ബാബു

# ഒരു ബാലന്റെ സമ്മാനം

**1942**ൽ കിറ്റ് ഇന്ത്യാ സമരത്തെ തുടർന്ന് ഗാന്ധിജി ജയിലിലായി. ഗാന്ധിജിയുടെ ആരോഗ്യനില ദിവസംതോറും മോശമായി വന്നു. 1944ൽ ഗാന്ധിജി ജയിൽമോചിതനായി. ബോംബെയിലെ ഒരു സ്നേഹിതന്റെ വീട്ടിലായിരുന്നു അദ്ദേഹത്തിന്റെ താമസം.

നൂറുകണക്കിനാളുകൾ ഗാന്ധിജിയെ കാണാൻ ആ വീട്ടിലെത്തി. ആകെ തിക്കും തിരക്കും. ആക്കൂടെ ഒരു ബാലനുമുണ്ടായിരുന്നു. കീറിയ വസ്ത്രമായിരുന്നു അവൻ ധരിച്ചിരുന്നത്. കീറിപ്പറിഞ്ഞ ഒരു കുടയും അവന്റെ കയ്യിലുണ്ടായിരുന്നു. മറ്റേ കയ്യിൽ ഒരു പൊതിയും. അവനെ കണ്ടാൽ ഒരു ഭിക്ഷക്കാരനാണെന്നേ തോന്നൂ. അവനും മുറിക്കകത്തേക്ക് കയറാൻ ഭാവിച്ചു. ഏതോ ഭിക്ഷക്കാരൻ എന്നു കരുതി അവനെ ആരോ തടഞ്ഞു. അവൻ പറഞ്ഞു-



“ഞാൻ ഭിക്ഷക്കാരനല്ല. ഒരു സ്കൂൾ വിദ്യാർത്ഥിയാണ്. മഹാത്മജിയെ കാണാൻ വന്നതാണ്. ആരും അറിയാതെ, ചുമടെടുത്ത് കിട്ടിയ പണംകൊണ്ടു വാങ്ങിയ കുറെ പഴങ്ങൾ ഉണ്ട്. ഇത് ഗാന്ധിജിക്കു കൊടുക്കണം”.

അവൻ ഗാന്ധിജിയുടെ അടുത്തെത്തി. ഭയഭക്തിയോടെ ഗാന്ധിജിക്കുമുമ്പിൽ കൂപ്പുകൈകളുമായി അവൻ നിന്നു. ഗാന്ധിജി അവനെ തലോടി. പൊതി അഴിച്ച് പഴം ഗാന്ധിജിയുടെ കൈയ്യിൽ വച്ചു.

അവൻ അറിയിച്ചു-

“ഇതു ഞാൻ അങ്ങേക്കുവേണ്ടി കൊണ്ടുവന്നതാണ്.”

“ഇതു നിന്റെ അധ്വാനത്തിന്റെ ഫലമാണ്. അതിന്റെ ആദ്യത്തെ അവകാശി നീയാണ്.” - വളരെ സ്നേഹത്തോടെ ഗാന്ധിജി അവനോടു പറഞ്ഞു.

അതിൽ ഒരു പഴം ഗാന്ധിജി എടുത്തു. ബാക്കി അവന്റെ കയ്യിലേക്കു കൊടുത്തു. ആ പഴവും വാങ്ങി നിറഞ്ഞ മനസ്സോടെ അവൻ മടങ്ങി. ❖

## 1 >> വിമോചനസമരം ജനാധിപത്യവിജയം

ഇപ്പോൾ വ്യക്തമായല്ലോ. അമ്പതുവർഷം മുമ്പുള്ള കാലമല്ല ഇതെന്നോർമിക്കേണ്ടതു മതനന്യൂപക്ഷങ്ങളോ കോൺഗ്രസ് കേരളാ കോൺഗ്രസ് കക്ഷികളോ അല്ല. കമ്യൂണിസ്റ്റു പാർട്ടികൾ തന്നെയാണ്.

എന്താണു വിമോചനസമരത്തിനിത്ര തരക്കേട്? വോട്ടു ചെയ്ത് അധികാരത്തിലേറിയ രാഷ്ട്രീയ കക്ഷിയുടെ ദുർഭരണം സഹിക്കാവുന്നതിനുമപ്പുറമായപ്പോൾ ജനകീയ പ്രക്ഷോഭത്തിലൂടെ ഇന്ത്യൻ ഭരണഘടനാനുസൃതമായി അവരെ താഴയിറക്കിയതു ലോകം കണ്ട ഏറ്റവും മഹത്തായ ജനാധിപത്യ വിജയമായിരുന്നില്ലേ?

വിമോചന സമരാനുഭവത്തിലൂടെയാണ് ഇന്ത്യൻ കമ്യൂണിസ്റ്റു പാർട്ടി ജനാധിപത്യബോധം ഉൾക്കൊണ്ടത്. അടിസ്ഥാനപരമായി പാർലമെണ്ടറി സംവിധാനത്തിൽ യാതൊരു വിശ്വാസവുമില്ലാത്ത കമ്യൂണിസ്റ്റ് കക്ഷികൾ തെരഞ്ഞെടുപ്പിൽ മത്സരിച്ചത്, അധികാരത്തിലെത്താൻ മറ്റൊരു മാർഗവുമില്ലാതെ വന്നപ്പോൾ സ്വീകരിച്ച അടവുനയം മാത്രമായിരുന്നു.



*ആർ. ശങ്കർ*

മഹാത്മാഗാന്ധിയുടെ അഹിംസാധിഷ്ഠിതമായ പ്രക്ഷോഭങ്ങൾ മൂലം കോൺഗ്രസ് പ്രസ്ഥാനവും ബ്രിട്ടീഷ് ഭരണകൂടവും പരിക്ഷീണമായിക്കഴിയുമ്പോൾ സായുധ വിപ്ലവത്തിലൂടെ ഇന്ത്യയിൽ അധികാരം പിടിച്ചെടുക്കാം എന്നതായിരുന്നല്ലോ കമ്യൂണിസ്റ്റ് വ്യാമോഹം. അതുകൊണ്ടു തന്നെ അവർ സ്വാതന്ത്ര്യസമരത്തിൽ നിന്ന് വിട്ടുനിൽക്കുകയും ചെയ്തു. 1871ൽ പ്രഷ്യയുമായുള്ള നീണ്ട യുദ്ധത്തിൽ തളർന്നുപോയ ഫ്രാൻസിന്റെ തലസ്ഥാനമായ പാരീസിന്റെ ഒരു ഭാഗം സായുധ കലാപത്തിലൂടെ പിടിച്ചെടുത്തു പാരീസ് കമ്യൂൺ സ്ഥാപിച്ചതായിരുന്നിരിക്കാം അവരുടെ പ്രചോദനം.

പക്ഷേ, ആ മോഹം നടക്കാതെ പോയി. ഗാന്ധിജിയുടെ ധർമസമരം വിജയിച്ചു. ബ്രിട്ടീഷുകാർ അധികാരം നമ്മളെ ഏല്പിച്ച് ബിലാത്തിയിലേക്കു മടങ്ങിപ്പോകുകയും ചെയ്തു. എന്നിട്ടും യഥാർത്ഥ സ്വാതന്ത്ര്യം നമുക്ക് ലഭിച്ചിട്ടില്ലെന്നു മുറവിളികൂട്ടിക്കൊണ്ടു കുറെക്കാലം കൂടി കമ്യൂണിസ്റ്റുകാർ കറങ്ങിനടന്നു.



*പി.ടി. ചാക്കോ*

അതും ഫലിക്കാതെ വന്നപ്പോഴാണു പാർലമെണ്ടറി രീതിയിലൂടെയെങ്കിലും അധികാരത്തിലെത്താൻ അവർ പുതിയ തന്ത്രം സ്വീകരിച്ചത്. അതിന്റെ വിജയകരമായ ഒന്നാം ഘട്ടമായിരുന്നു 1957 ലെ തിരഞ്ഞെടുപ്പും തുടർന്നുള്ള മന്ത്രിസഭയും. പക്ഷേ ആട്ടിൻതോലണിഞ്ഞെന്നു കരുതി ചെന്നായ ചെമ്മരിയാടാവില്ലല്ലോ. അധികാരത്തിലെത്തിയ കമ്യൂണിസ്റ്റുകാർ പതുക്കപതുക്കെ അവരുടെ ഫാസിസ്റ്റു നഖങ്ങളും പല്ലുകളും പുറത്തെടുത്തു. അതു ജനജീവിതത്തിന്റെ ഒട്ടേറെ മേഖലകളെ മുറിപ്പെടുത്തിയതിന്റെ പരിണതഫലമായിരുന്നു വിമോചനസമരം.

അതു കുറെ മതാധ്യക്ഷന്മാരുടെയും സമുദായാചാര്യന്മാരുടെയും അവിശുദ്ധ കൂട്ടുകെട്ടിന്റെ ഫലമാണെന്നു സ്ഥാപിക്കാനാണ് ഇന്നും കമ്യൂണിസ്റ്റുകാർ തത്രപ്പെടുന്നത്. അതവരുടെ ആവശ്യമാണുതാനും. വിമോചന സമരം ചില പള്ളിയച്ചന്മാരുടെയും ചില പിള്ളയച്ചന്മാരുടെയും കോലാഹലമാണെന്ന് എം. എൻ. ഗോവിന്ദൻ നായർ അന്നു പരിഹസിക്കുകയുമുണ്ടായല്ലൊ. ഒരു ജനകീയ പ്രക്ഷോഭത്തിലൂടെ തങ്ങൾക്ക് അധികാരത്തിൽ നിന്നു പുറത്തുപോകേണ്ടി വന്നു എന്നു സമ്മതിക്കാൻ കമ്യൂണിസ്റ്റുകാർ ഒരിക്കലും തയ്യാറാവില്ല.

വിവിധ കാരണങ്ങൾകൊണ്ടു വിവിധ വിഭാഗം ജനങ്ങളിൽ രൂപപ്പെട്ടുവന്ന ഗവൺമെണ്ട് വിരുദ്ധ വികാരം വളരെ തന്ത്രപൂർവം ഏകോപിപ്പിച്ച് ഒരു രാഷ്ട്രീയ സമരമാക്കി വളർത്തിയെടുക്കുകയാണു കോൺഗ്രസ് ചെയ്തത്. അന്നു കോൺഗ്രസിന്റെ അനിഷേധ്യ നേതാവും നിയമസഭയിലെ പ്രതിപക്ഷ നേതാവുമായിരുന്ന പി.ടി.ചാക്കോയായിരുന്നു ഈ പരിണാമത്തിന്റെ സൂത്രധാരൻ.



*മന്നത്തു പദ്മനാഭൻ*

ക്രൈസ്തവ ന്യൂനപക്ഷങ്ങൾക്കിടയിൽ മുളയെടുത്തു മറ്റു സമുദായങ്ങളിലേക്കു പടർന്ന വിമോചന സമരനീക്കം ആർ. ശങ്കറെയും പട്ടം താണുപിള്ളയെയും മന്നത്തു പദ്മനാഭനെയും സാധ്വീനിച്ചു. സമുദായേതരമായ ഒരു തലത്തിലേക്കുയർത്തി വിമോചനസമരത്തെ കോൺഗ്രസിന്റേതാക്കി മാറ്റുകയാണ് ചാക്കോ ചെയ്തത്. അങ്ങനെ ഒരു പൂർണ രാഷ്ട്രീയ സമരമായി അതു മാറി.

വിമോചനസമരം പോലെ കേരള ജനജീവിതത്തെ അടിമുടി അട്ടിമറിക്കുകയും പുതുക്കിപ്പണിയുകയും ചെയ്ത മറ്റൊരു പ്രക്ഷോഭമോ സംഭവമോ കേരളചരിത്രത്തിൽ കണ്ടെത്താനാവില്ല. രാഷ്ട്രീയ സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ രംഗങ്ങൾ മുഴുവൻ പരിവർത്തനവിധേയമായി. രാഷ്ട്രീയപ്രവർത്തനത്തെക്കുറിച്ചു ജനങ്ങൾ പുതിയ അവബോധം നേടി. നാട്ടുരാജ്യങ്ങളായ തിരുവിതാംകൂറിലും കൊച്ചിയിലും സ്വാതന്ത്ര്യ പ്രസ്ഥാനം അത്രശക്തമായിരുന്നില്ല. അതിന്റെ കുറവു പരിഹരിച്ചതു വിമോചന സമരമാണ്.

സമരത്തിൽ നിന്നു കമ്യൂണിസ്റ്റു പാർട്ടിയും പുതിയ പാഠങ്ങൾ ഉൾക്കൊണ്ടു. ഒരു ജനാധിപത്യ വ്യവസ്ഥിതിക്കുള്ളിൽ ഏകാധിപത്യ ശൈലിയിലുള്ള ഭരണം നടപ്പാക്കാനാവില്ലെന്ന് അവർ തിരിച്ചറിഞ്ഞു. ഇന്ത്യൻ ഭരണഘടന ജനങ്ങൾക്കു നല്കുന്ന അവകാശങ്ങൾ ഏതെങ്കിലും പ്രത്യയശാസ്ത്രത്തിന്റെ പിൻബലത്തോടെ നിഷേധിക്കാൻ ശ്രമിക്കുന്നതു പാഴ്‌വേലയാണെന്നും ഭരണഘടനാനുസൃതമായിത്തന്നെ ഒരു സംസ്ഥാന സർക്കാർ പ്രവർത്തിച്ചേ മതിയാവൂ എന്നും അവർ മനസ്സിലാക്കി.



*പട്ടം താണുപിള്ള*

ഇതിന്റെ പ്രതിഫലനമാണ് 1967ൽ അധികാരമേറ്റെടുത്ത ഉടനെ മുഖ്യമന്ത്രി ഇ. എം. എസ്. നടത്തിയ ചരിത്രം സൃഷ്ടിച്ച ഈ പ്രഖ്യാപനം. “സീസറിനുള്ളതു സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുക്കും’’. മാത്രവുമല്ല 1957 ലെ പ്രശ്നങ്ങൾക്കു മുഴുവൻ കാരണമായ വിദ്യാഭ്യാസ വകുപ്പ് മുസ്ലീം ലീഗിന്റെ സി.എച്ച്. മുഹമ്മദ് കോയയ്ക്കു നല്കുകയും ചെയ്തു.

1980ലും 87ലും 96ലും അധികാരത്തിൽ വന്ന ഇ.കെ.നായനാരുടെ നേതൃത്വത്തിലുള്ള മന്ത്രിസഭകൾ മിതവാദികളെ തൃപ്തിപ്പെടുത്തുന്ന ജനാധിപത്യപരമായ പ്രവർത്തനശൈലി അവലംബിച്ചതും വിമോചന സമരം പകർന്നു നല്കിയ അനുഭവജ്ഞാനം കെടാതെ സൂക്ഷിച്ചതുകൊണ്ടായിരുന്നു. 1957 ആവർത്തിക്കാതിരിക്കാൻ വിദ്യാഭ്യാസ വകുപ്പ് ഘടകകക്ഷികളെ ഏല്പിക്കുകയും ചെയ്തു.

പക്ഷേ, 2006ൽ സാഹചര്യം മാറി. വീണ്ടും മാർക്സിസ്റ്റുകാരനായ ഒരു വിദ്യാഭ്യാസ മന്ത്രി ഉണ്ടായി. സിപിഎം സെക്രട്ടറി പിണറായി വിജയനും കൂട്ടരും കൂടെക്കൂടെ പറയുന്നു, 1957 അല്ല 2007, 1958 അല്ല 2008 എന്നൊക്കെ. അക്കാര്യത്തിൽ ആർക്കും തർക്കമില്ല. 1959 തന്നെയാണ് 2009 എന്നു ബോധ്യപ്പെടുത്താൻ ഭരണം കൈയാളുന്ന ചിലർ ശാഠ്യം പിടിക്കുന്നില്ലേ എന്ന സംശയമേയുള്ളൂ. അതു വിമോചനസമരം നല്കിയ പാഠങ്ങൾ മറന്നു പോയതുകൊണ്ടാവാം. ❖

**വിമോചനസമരം പോലെ കേരള ജനജീവിതത്തെ അടിമുടി അട്ടിമറിക്കുകയും പുതുക്കിപ്പണിയുകയും ചെയ്ത മറ്റൊരു പ്രക്ഷോഭമോ സംഭവമോ കേരളചരിത്രത്തിൽ കണ്ടെത്താനാവില്ല. രാഷ്ട്രീയ സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ രംഗങ്ങൾ മുഴുവൻ പരിവർത്തനവിധേയമായി. രാഷ്ട്രീയപ്രവർത്തനത്തെക്കുറിച്ചു ജനങ്ങൾ പുതിയ അവബോധം നേടി.**

രാഷ്ട്രീയകേരളം

സാബു ജോൺ

# നമ്മുടെ സ്കൂളുകൾക്ക് എന്തുപറ്റി ?

സർക്കാർ, എയ്ഡഡ് മേഖലയിലെ സ്കൂൾ കുട്ടികളുടെ എണ്ണത്തിൽ രണ്ടര ലക്ഷത്തിന്റെ കുറവു വന്നതായ റിപ്പോർട്ടുകൾ സമീപദിവസങ്ങളിൽ ഏറെ വാർത്താപ്രാധാന്യം നേടിയിരുന്നു.

സാധാരണക്കാരായ കുട്ടികൾ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഇപ്പോഴത്തെ സ്ഥിതിയേക്കുറിച്ച് ആത്മപരിശോധന നടത്തേണ്ട അവസരമാണിത്. ദൗർഭാഗ്യവശാൽ രണ്ടായിരത്തിലേറെ അധ്യാപകർക്കു ജോലി നഷ്ടപ്പെടുന്നതിലുള്ള ആശങ്ക മാത്രമാണ് അക്കാദമിക് സമൂഹത്തിൽ നിന്നു പോലും ഉയർന്നു കേട്ടത്.

ഏറെക്കുറെ മുഴുവൻ കുട്ടികളും സ്കൂൾ പഠനത്തിനെത്തുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. എന്നാൽ ജനസംഖ്യയിൽ വന്ന കുറവിന്റെ ഫലമായി കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് കേരളത്തിലുണ്ടാകുന്നുണ്ട്. ഈ പ്രശ്നത്തിനു പരിഹാരമൊന്നുമില്ല താനും.




എന്നാൽ ഒറ്റവർഷം രണ്ടര ലക്ഷം കുട്ടികൾ ഈ മേഖലയിൽ കുറഞ്ഞതായുള്ള കണക്കുകൾ ശരിയാണെങ്കിൽ അതിൽ ആശങ്കപ്പെടേണ്ടതായുണ്ട്. കേരളത്തിലെ ഇടത്തരക്കാരും അതിനു താഴെയുള്ളവരും പോലും മക്കളെ ഉയർന്ന ഫീസ് ഈടാക്കുന്ന അൺ എയ്ഡഡ് സ്കൂളുകളിലേക്ക് അയയ്ക്കുന്ന രീതി വ്യാപകമാണിന്ന്. അതിന്റെ പിന്നിലുള്ള കാരണമെന്തെന്നും വ്യക്തമാണ്. പക്ഷേ എല്ലാവർക്കും ബോധ്യമുള്ള ഈ കാരണങ്ങൾ തുറന്നുപറയാൻ ആരും തയ്യാറല്ലെന്നുള്ളതാണ് വസ്തുത.

സർക്കാർ, എയ്ഡഡ് മേഖലയിലെ സ്കൂളുകളുടെ പാഠ്യനിലവാരമാണ് പ്രശ്നം. നിലവാരം കുറയാനുള്ള കാരണങ്ങളും വ്യക്തമാണ്. വിദ്യാർഥി രാഷ്ട്രീയത്തിന്റെ അതിപ്രസരം നിലനില്ക്കുന്നത് ഈ സ്കൂളുകളിൽ മാത്രമാണ്. അധ്യാപകരുടെ സംഘടനാപ്രവർത്തനവും രാഷ്ട്രീയപ്രവർത്തനവും മറ്റൊരു പ്രശ്നം. അധ്യാപനത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനുള്ള ഗൗരവമായ പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല. ചുരുക്കത്തിൽ അക്കാദമിക് പ്രവർത്തനങ്ങൾക്ക് നമ്മുടെ പൊതുമേഖലയിലെ സ്കൂളുകളിൽ കാര്യമായ ഊന്നൽ ലഭിക്കുന്നില്ല. ഫലമോ? സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പഠിച്ചിറങ്ങുന്ന കുട്ടികൾ മറ്റു സ്കൂളുകളിൽ നിന്നുള്ള കുട്ടികളേക്കാൾ പിന്നോക്കം പോകുന്നു.

അങ്ങേയറ്റം മത്സരക്ഷമമായ ഈ കാലഘട്ടത്തിൽ കുട്ടികളുടെ ഭാവികൊണ്ടൊരു ചൂതാട്ടത്തിന് മാതാപിതാക്കൾ തയ്യാറാകില്ല. ദേശസ്നേഹമോ ഭാഷാസ്നേഹമോ പറഞ്ഞ് പരീക്ഷണം നടത്താനും സാധാരണക്കാർ തയ്യാറാകില്ല. അതിന് അവരെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല.

സർക്കാർ സ്കൂളുകളുടെയും എയ്ഡഡ് മേഖലയുടെയും നിലനില്പ്പു തന്നെ അപകടത്തിലായിരിക്കുന്ന ഈ അവസരത്തിൽ ഉള്ളു തുറന്നൊരു ചർച്ചയ്ക്ക് ബന്ധപ്പെട്ടവർ തയ്യാറാകേണ്ടതാണ്. ഏതാനും ആയിരങ്ങൾക്കു തൊഴിൽ കൊടുക്കാനുള്ള മേഖലയായി മാത്രം വിദ്യാഭ്യാസമേഖലയെ കാണുന്ന സമീപനം മാറ്റിയേ പറ്റൂ. കാരണം ഈ മേഖല നിലനില്ക്കേണ്ടത് കേരളത്തിലെ പൊതുസമൂഹത്തിന്റെ ആവശ്യമാണ്. സാധാരണക്കാരായ ജനങ്ങൾക്ക് തങ്ങളുടെ കുട്ടികളെ ഉയർന്ന ഫീസ് കൊടുത്ത് പഠിപ്പിക്കുവാൻ സാധിക്കില്ല. അവർക്ക് ആശ്രയം ഈ സ്കൂളുകൾ മാത്രമാണ്. കുട്ടികളുടെ കുറവിന്റെ പേരിൽ ഇത്തരം സ്കൂളുകൾ പൂട്ടിപ്പോയാൽ മഹാഭൂരിപക്ഷം വരുന്നവരുടെ മക്കൾക്ക് പ്രാഥമിക വിദ്യാഭ്യാസം പോലും അപ്രാപ്യമാകും.

ഈ പ്രശ്നത്തിനൊരു സാമൂഹിക വശം കൂടിയുണ്ട്. സർക്കാർ മേഖലയിലുള്ള സ്കൂളുകളിൽ നിന്നു പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് മെച്ചപ്പെട്ട അവസരങ്ങൾ തേടിപ്പിടിക്കാൻ സാധിക്കാതെ വന്നാൽ ഭാവിയിൽ അതു വലിയ സാമൂഹ്യപ്രശ്നങ്ങൾക്കു വഴിതെളിക്കുമെന്ന് ഓർമിക്കേണ്ടതുണ്ട്.

മെച്ചപ്പെട്ട സ്കൂളുകളെ ഇല്ലാതാക്കി വിദ്യാഭ്യാസരംഗത്ത് സോഷ്യലിസം കൊണ്ടു വരികയാണോ അതോ സർക്കാർ മേഖലയിലെ സ്കൂളുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തി അവയെയും മറ്റു സ്കൂളുകളുടെ നിലവാരത്തിലേക്ക് ഉയർത്തുകയാണോ ചെയ്യേണ്ടതെന്നാണ് ആലോചിക്കേണ്ടത്. നമ്മുടെ ഭരണാധികാരികളുടെ പല നടപടികളും കാണുമ്പോൾ ആദ്യം പറഞ്ഞ വഴിയിലൂടെ അവർ നീങ്ങുന്നുവെന്നു തോന്നിപ്പോകും.

ഓണപരീക്ഷയടുക്കാറായിട്ടും പാഠപുസ്തകങ്ങൾ മുഴുവനായി എത്തിക്കാൻ നമ്മുടെ വിദ്യാഭ്യാസവകുപ്പിനു കഴിഞ്ഞിട്ടില്ല. പാഠപുസ്കങ്ങളുടെ ഉള്ളടക്കത്തെ ചൊല്ലി ഇത്തവണയും വിവാദങ്ങൾ പൊട്ടിപ്പുറപ്പെട്ടു കഴിഞ്ഞു. സർക്കാർ മേഖലയിൽ പഠിക്കുന്ന കുട്ടികൾക്ക് ഇതൊക്കെ മതി എന്ന് ഭരണാധികാരികൾ ചിന്തിക്കുന്നുവെന്നല്ലേ ഇതൊക്കെ കാണുമ്പോൾ തോന്നിപ്പോകുന്നത്?

>> 11

**സർക്കാർ സ്കൂളുകളുടെയും എയ്ഡഡ് മേഖലയുടെയും നിലനില്പ്പു തന്നെ അപകടത്തിലായിരിക്കുന്ന ഈ അവസരത്തിൽ ഉള്ളു തുറന്നൊരു ചർച്ചയ്ക്ക് ബന്ധപ്പെട്ടവർ തയ്യാറാകേണ്ടതാണ്. ഏതാനും ആയിരങ്ങൾക്കു തൊഴിൽ കൊടുക്കാനുള്ള മേഖലയായി മാത്രം വിദ്യാഭ്യാസമേഖലയെ കാണുന്ന സമീപനം മാറ്റിയേ പറ്റൂ. കാരണം ഈ മേഖല നിലനില്ക്കേണ്ടത് കേരളത്തിലെ പൊതുസമൂഹത്തിന്റെ ആവശ്യമാണ്.**

## അറിയേണ്ടും കാര്യങ്ങൾ

ഇബാമയുടെ രൂക്ഷപ്രതികരണം

### ബ്രിട്ടണിൽ അന്വേഷണം തകൃതി



നാല് ബ്രസീലിയൻ തുറമുഖങ്ങൾക്കു സമീപം മാരകമായ രോഗങ്ങൾക്ക് കാരണമായേക്കാവുന്ന വൻ മാലിന്യശേഖരം നിക്ഷേപിച്ചതിന് ബ്രിട്ടണിലെ വിൽട്ട് ഷയറിൽ പോലീസ് മൂന്നു പേരെ അറസ്റ്റു ചെയ്തു. ഡാന്റോസ്, സാവോപോളോ, ദക്ഷിണ സംസ്ഥാനമായ റിയോഗ്രാന്റെ ഡുസുല്ലിലെ രണ്ടു തുറമുഖങ്ങൾ എന്നിവയ്ക്കു സമീപമാണ് 1400 ടണ്ണോളം വരുന്ന മാലിന്യകൂമ്പാരം കണ്ടെത്തിയത്.

ഉപയോഗിച്ച സിറിഞ്ച്, ബ്ലഡ്കവറുകൾ എന്നിവ അടക്കമുള്ള മാലിന്യകൂമ്പാരം ബ്രിട്ടണിൽ നിന്നുമാണ് കൊണ്ടുവന്നതെന്ന് വ്യക്തമായതായി ബ്രസീൽ അധികൃതർ പറഞ്ഞിരുന്നു. കൂടാതെ ബ്രസീൽ, ബ്രിട്ടന്റെ ഡമ്പിംഗ്യാർഡല്ലെന്ന് പറഞ്ഞ് ബ്രസീലിലെ പരിസ്ഥിതി സംഘടനയായ ഇബാമയും ശക്തമായി പ്രതിഷേധിച്ചു. രാജ്യാന്തരമര്യാദയുടെ ലംഘനമാണിതെന്നും ഇബാമ കുറ്റപ്പെടുത്തിയിരുന്നു.

എന്നാൽ 99 കണ്ടെയ്നറുകളിലായി 1400 ടണ്ണോളം മാലിന്യങ്ങളും തിരികെ വരുത്തി പരിശോധന നടത്തിയിരിക്കുകയാണ് ബ്രിട്ടൺ അധികൃതർ. അതിന്റെ അടിസ്ഥാനത്തിലാണ് അറസ്റ്റു നടന്നത്.

ബേസൽ കൺവെൻഷന്റെ ലംഘനമാണ് നടന്നിരിക്കുന്നതെന്നാണ് ബ്രസീലിന്റെ വിദേശകാര്യ മന്ത്രാലയം പ്രതികരിച്ചത്. ബേസൽ കൺവെൻഷനിലെ തീരുമാനപ്രകാരം, പ്രകൃതിക്കും ജീവജാലങ്ങൾക്കും ഹാനി വരുത്തുന്ന വ്യാവസായികവും ഇതരവുമായ മാലിന്യങ്ങളുടെ കടത്ത് നിരോധിച്ചിരുന്നു.

❖❖❖ ❖❖❖ ❖❖❖

### അമേരിക്കൻ സൈന്യത്തിലേക്ക് 22,000 പേർ കൂടി



അമേരിക്കൻ സൈന്യത്തിലേക്ക് 22,000 സൈനികരെക്കൂടി റിക്രൂട്ട്ചെയ്യാൻ തീരുമാനിച്ചു. ഇതോടെ സൈനികരുടെ എണ്ണം 5,47,000ൽ നിന്നു 5,69,000 ആയി ഉയരും. ഇറാഖിലും അഫ്ഗാനിസ്ഥാനിലും ദൗത്യത്തിലേർപ്പെട്ടിരിക്കുന്ന സൈനികർക്ക് ആശ്വാസം പകരുന്നതിനാണ് പുതിയ റിക്രൂട്ട്മെന്റ്. അമേരിക്കയിലെ ആംഡ് സർവീസസ് കമ്മിറ്റി 30,000 സൈനികരെ റിക്രൂട്ട് ചെയ്യാനാണ് റിപ്പോർട്ട് നല്കിയത്.

❖